LIBRARY ARCHIVES Kerala Legislative Assembly

## ടൂറിസ്റ്റുകളുടെ എണ്ണവും ടൂറിസത്തിൽ നിന്നുമുള്ള വരുമാനവും

311 (2600) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണം എത്ര ; ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം എത്ര ; ഇതുവഴി എത്ര കോടി രൂപയുടെ വരുമാനമുണ്ടായി ; ഇതിന്റെ എത്ര ശതമാനം വിദേശ നാണ്യമായി ലഭിച്ചു ; ഇത് 2011-12, 2012-13 സാമ്പത്തിക വർഷങ്ങളുമായി താരതമ്യം ചെയ്യുമോ ; വിശദമാക്കുമോ ;

(ബി) വിദേശ ടൂറിസ്റ്റുകളിൽ കൂടുതൽ പേർ ഏത് രാജ്യത്തു നിന്നുള്ളവർ ; ആഭ്യന്തര ടൂറിസ്റ്റുകളിൽ കൂടുതൽ ഏത് സംസ്ഥാനത്ത് നിന്നുള്ളവർ ; വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ ടൂറിസം വകുപ്പുമന്ത്രി എത്ര വിദേശ രാജ്യങ്ങൾ സന്ദർശിച്ചു ; ഏതൊക്കെ വിദേശരാജ്യങ്ങൾ ; എത്ര ദിവസം വിദേശ രാജ്യങ്ങളിലായിരുന്നു ; ആയതിന് സംസ്ഥാന ഖജനാവിൽനിന്നും നാളിതുവരെ എന്തുതുക ചെലവഴിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം വിദേശ യാത്രകളുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമന്ത്രിയെ അനുഗമിച്ച ഉദ്യോഗസ്ഥരടക്കമുള്ള പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾ സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ; ആരൊക്കെയാണ് ഇത്തരത്തിൽ വിദേശയാത്ര നടത്തിയതെന്നും സംസ്ഥാന ഖജനാവിൽനിന്നും ഓരോരുത്തരും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) തദ്ദേശ-വിദേശ വിനോദസഞ്ചാരികളുടെ കണക്കുകൾ കലണ്ടർ വർഷത്തിലാണ് തിട്ടപ്പെടുത്താറുള്ളത്. 2013-ൽ 108,57,811 തദ്ദേശ സഞ്ചാരികളും 8,58,143 വിദേശ സഞ്ചാരികളും കേരളം സന്ദർശിക്കുകയുണ്ടായി. ഇതുവഴി 5560.77 കോടി രൂപ വിദേശ നാണ്യമായി ലഭിച്ചു. കഴിഞ്ഞ വർഷങ്ങളുമായി താരതമ്യം ചെയ്ത വിവരം ചുവടെ ചേർക്കുന്നു :

| വർഷം | വരുമാനം | വിദേശ നാണ്യം |
|---|---|---|
| 2011 | 19037.00 | 4221.99 |
| 2012 | 20430.00 | 4571.69 |
| 2013 | 22926.55 | 5560.77 |

(ബി) വിദേശ ടൂറിസ്റ്റുകളിൽ കേരളം സന്ദർശിച്ചതിൽ ഏറ്റവും കൂടുതൽ ഇംഗ്ലണ്ടിൽ നിന്നുമുള്ളവരാണ്. ഏകദേശം 1,50,000 പേർ 2013-ൽ കേരളം സന്ദർശിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നാണ് ഏറ്റവും അധികം വിനോദസഞ്ചാരികൾ 2013-ൽ കേരളം സന്ദർശിച്ചിട്ടുള്ളത്. ഇത് ഏകദേശം 14 ലക്ഷത്തോളം പേർ വരും.

Page 2 of 2

(സി & ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ ടൂറിസം ഫെയറുകളും റോഡ്ഷോകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശ യാത്രകളുടെയും അദ്ദേഹത്തെ അനുഗമിച്ച വകുപ്പ് ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത യാത്രകളിൽ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങളാരും മന്ത്രിയെ അനുഗമിച്ചിട്ടില്ല.

**വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പദ്ധതി**

312 (2601) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ പുതുതായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ താഴെ വിവരിക്കുന്നു :

- അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഈ വർഷം 8 അന്താരാഷ്ട്ര വ്യാപാരമേളയും, 13 റോഡ്ഷോയും സംഘടിപ്പിക്കുന്നു.

- ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ഈ വർഷം 31 ദേശീയ വ്യാപാര മേളകളിൽ പങ്കാളിത്തവും 20 റോഡ്ഷോകളും സംഘടിപ്പിക്കുന്നു.

- കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ്പ്ലേ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി അൽ-ജസീറ ചാനൽ വഴിയുള്ള പരസ്യപ്രചാരണം, മധ്യേഷ്യൻ രാജ്യങ്ങളിലെ എയർപോർട്ടുകളിൽ ഡിസ്പ്ലേ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങളായ സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രസിദ്ധിയും മേന്മയും ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly